(ബി) എങ്കിൽ ഇത് സംബന്ധിച്ച് ബന്ധപ്പെട്ടവർക്ക് വേണ്ട നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിർദ്ദേശം നൽകിയിട്ടുണ്ട്. ഇനിയും നിർദ്ദേശം നൽകുന്നതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വസ്തു നികുതി പുനർനിർണ്ണയം

98 (1567) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വസ്തു നികുതി പുനർനിർണ്ണയം നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന് നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ;

(സി) ഈ നികുതി നിർണ്ണയിക്കുന്നതിന് മുന്നോടിയായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുമായി വല്ല ചർച്ചയും നടത്തിയിട്ടുണ്ടോ ;

(ഡി) ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കെട്ടിടം സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ പ്രാധാന്യം, റോഡിന്റെ സാമീപ്യം, കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം, കെട്ടിടത്തിന്റെ പഴക്കം, തറയുടെ നിർമ്മാണ വസ്തുക്കളുടെ ഗുണമേന്മ, മേൽക്കൂരയുടെ തരം എന്നിവയെ അടിസ്ഥാനമാക്കി നികുതി നിശ്ചയിക്കുന്ന രീതി ആറിഷ്ക്കരിച്ച് നടപ്പാക്കാനാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

(സി) ഇല്ല.

(ഡി) വസ്തു (കെട്ടിട) നികുതി പരിഷ്ക്കരിച്ച് നടപ്പാക്കുന്നതിനായി ബന്ധപ്പെട്ട ആക്ടുകളും ചട്ടങ്ങളും ഭേദഗതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കെട്ടിടങ്ങൾക്ക് പുതുക്കിയ നമ്പർ നൽകുന്നതിനുള്ള നടപടിയും ആരംഭിച്ചിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നീക്കിവച്ച തുകയിൽ 4-ാം ഗഡു നൽകാത്തതിന്റെ ഫലമായി ഉണ്ടായ നഷ്ടം പരിഹരിക്കുന്നതിന് നടപടി

99 (1568) ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2002-03 വർഷത്തെ ബഡ്ജറ്റിൽ ഗവൺമെന്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നീക്കിവച്ച തുകയിൽ 4-ാം ഗഡു നൽകാത്തതിന്റെ ഫലമായി എത്ര കോടിയുടെ നഷ്ടമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉണ്ടായതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതുവഴി പ്രസ്തുത സ്ഥാപനങ്ങളുടെ പദ്ധതി അവതാളത്തിലായത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്ലാൻകട്ട് ഉണ്ടായതിനാൽ 335.50 കോടി രൂപയാണ് പദ്ധതി വിഹിതത്തിന്റെ നാലാമത്തെ ഗഡുവിനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകാതിരുന്നത്.

(ബി) പദ്ധതികൾ അവതാളത്തിലായിട്ടില്ല. നാലാമത്തെ ഗഡു പദ്ധതിവിഹിതം വിനിയോഗിച്ച് നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്ന പ്രോജക്ടുകൾ സ്പിൽ ഓവർ ആയി ഈ വർഷം തുടർന്നിരുന്നു.

(സി) ചോദ്യം ഉദിക്കുന്നില്ല.

പഞ്ചായത്തുകൾക്ക് കൈമാറിയ പദ്ധതിത്തുകയിൽ 1998 മുതൽ ചെലവഴിക്കാത്ത തുകയുടെ വിശദാംശം

100 (1569) ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്, കൃഷി വകുപ്പ് എന്നിവയിൽനിന്നും സംസ്ഥാനത്തെ പഞ്ചായത്തുകൾക്ക് കൈമാറിയ പദ്ധതിത്തുകയിൽ 1998 മുതൽ ചെലവഴിക്കാത്ത എത്ര തുകയുണ്ട് ; പഞ്ചായത്ത് തിരിച്ച് വിശദാംശം വ്യക്തമാക്കാമോ ;

(ബി) ഇതിൽ എത്ര രൂപ ഓരോ പഞ്ചായത്തിലും വകമാറ്റി ചെലവഴിച്ചിട്ടുണ്ട് ?

ഉത്തരം

(എ)&(ബി) വിവരം ശേഖരിച്ചുവരുന്നു.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ തീരുമാനങ്ങൾ അംഗീകരിക്കുന്നതിനായി ചേർന്ന യോഗം

101 (1570) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പി. ജെ. ജോയി :
ശ്രീ. കെ. ബാബു :
ശ്രീ. ഡി. സുഗതൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റാന്റിംഗ് കമ്മിറ്റികളുടെ തീരുമാനങ്ങൾ അംഗീകരിക്കുന്നതിനായി ചേർന്ന ജില്ലാ പഞ്ചായത്ത് യോഗത്തിൽനിന്ന് ഭരണ കക്ഷിയിൽപ്പെട്ട പ്രസിഡന്റും അംഗങ്ങളും ഇറങ്ങിപ്പോയ സംഭവം സംസ്ഥാനത്ത് ഈ വർഷം ഉണ്ടായിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly